22
വെള്ളി
പേജ് - 6
ഡിസംബർ
Vol. 2 Issue 321

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

692

# ക്രൈസ്തവ അരമനകൾ കയറിയിറങ്ങി ബിജെപിയുടെ സ്നേഹ സന്ദേശ യാത്ര

**ക്രൈസ്തവരുടെ വിശ്വാസം ആർജിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പത്തുദിവസം നീളുന്ന സ്നേഹയാത്ര. ഈസ്റ്റർദിന സ്നേഹയാത്രകളെക്കാൾ വിപുലമായ തോതിലാകും ക്രിസ്മസ് സ്നേഹയാത്ര. ക്രൈസ്തവ സമൂഹത്തെ ഒപ്പംകൂട്ടാനുള്ള ദേശീയ നേതൃത്വത്തിന്റെ നിർദ്ദേശമനുസരിച്ചായിരുന്നു ഈസ്റ്റർദിന സന്ദർശനം.**



എഡിറ്റോറിയൽ

# ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 22 വെള്ളി

## തിരക്കേറിയ സത്രമുടമയ്ക്ക് നഷ്ടമായത്

**ദൈ**വപുത്രനായ യേശുവിനെ സ്വീകരിക്കുവാനുള്ള അസുലഭ അവസരമാണ് ആ സത്രക്കാരൻ പാഴാക്കിയത്. യോസേഫിനും മറിയയ്ക്കും ആവശ്യമായിരുന്നത് പിറന്നുവീണ കുഞ്ഞിനെ കിടത്തുവാൻ ഒരു ചെറിയ ഇടമാണ്. അവർ ആ സത്രത്തിന്റെ വാതിൽക്കൽ കൊട്ടിയപ്പോൾ വളരെ തിരക്കുണ്ടായിരുന്ന ആ സത്ര ഉടമ വാതിൽ അവർക്കു നേരെ അടച്ചു. ശീലകളിൽ പൊതിഞ്ഞ നവജാത ശിശുവിനെയും മാതാപിതാക്കളെയും കണ്ട സത്രക്കാരന് തന്റെ കച്ചവടമായിരുന്നു മുഖ്യം.

ആവശ്യം വളരെ കൂടുതലുള്ള അവർ തന്റെ സത്രത്തിൽ ഒരു പക്ഷെ കൂടുതൽ കാര്യങ്ങൾ ആവശ്യപ്പെടാം. അത് അവിടെയുള്ള മറ്റുള്ളവർക്ക് ഒരു അസ്വസ്ഥതയാകും. തനിക്ക് ഇഷ്ടമുള്ള കാര്യങ്ങളിൽ താൻ വ്യാപൃതനായിരുന്നു. തനിക്ക് ലാഭമുണ്ടാക്കുന്ന കാര്യങ്ങളിൽ താൻ മുഴുകിയിരുന്നു. തന്റെ ജീവിതത്തിന്റെ ഒഴുക്കിനു തടസം വരാത്ത കാര്യങ്ങളിൽ താൻ ശ്രദ്ധപതിപ്പിച്ചു.
തന്റെ ആ ഒരു മാസത്തെ സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുവാൻ താൻ പൂർണ്ണമനസ്സോടെ ശ്രമിച്ചുകൊണ്ടിരുന്നു. തനിക്ക് ശത്രുതയോ അവരോട് പ്രത്യേക വെറുപ്പോ ഒന്നുമില്ല. ലളിതമായ ഭാഷയിൽ അദ്ദേഹം തിരക്കിലായിരുന്നു. തികച്ചും മാനുഷികമായ തിരക്കിൽ മാത്രമായിരുന്നു. ഇവിടെയാണ് മനുഷ്യന് ദൈവത്തിന്റെ സാന്നിധ്യം നഷ്ടമാകുന്നത്.
നമ്മുടെ മനസ്സിന്റെ കാഠിന്യം കൊണ്ടോ അറിവില്ലായ്മകൊണ്ടോ അല്ല പലപ്പോഴും ദൈവസാനിധ്യം നമുക്ക് നഷ്ടമാകുന്നത്.

ഏറ്റവും നല്ല അംശമായ ദൈവ സന്നിധി നമുക്ക് നഷ്ടമാകുന്നത് നമ്മുടെ ദൈനംദിന ജീവിതത്തിരക്കുകൾ കാരണമാണ്. അനേകം പ്രലോഭന വാഗ്ദാനങ്ങളും മനംമയക്കുന്ന സമ്പത്തുകളും ഉള്ള ഈ ലോകം ഒരുദൈവ പൈതലിനെ ലോകത്തിന്റേതാക്കി തിരക്കിലാക്കി നിർത്തുന്നു .ഈ തിരക്കിൽ നമുക്ക് നഷ്ടമാകുന്നത് സ്വർഗ്ഗീയ സൗഭാഗ്യമാണ്.യേശുവിനോടുകൂടെയുള്ള വാസത്തെക്കാൾ എന്താണ് ഈ ഭൂമിയിലെ നന്മ? യേശുവല്ലയോ ഏറ്റവും വലിയ നന്മ.

ദൈവം നമ്മോടു കൂടെ വസിക്കുന്ന സൗഭാഗ്യമല്ലയോ ഇമ്മാനുവേൽ നമുക്ക് നൽകുന്ന ഏറ്റവും വലിയ നന്മ. കാര്യങ്ങൾ എല്ലാം അറിയാം പക്ഷെ സമയമില്ലാതെ ഓടുകയാണ്. ഇന്ന് നാം എത്തിപ്പിടിക്കുവാൻ നടക്കുന്ന എല്ലാ കാര്യങ്ങളും ഒരിക്കൽ നമ്മിൽ നിന്നും നഷ്ടമാകും. അന്ന് നമുക്ക് അതെല്ലാമുണ്ടെങ്കിലും തന്നെ നമുക്കത് പ്രയോജനമാവില്ല. സമ്പത്തും വീടും ധനവും മാനവുമെല്ലാം നാം ഒരു ദിവസം വെറുക്കും. യേശുവിനെ ഹൃദയത്തിൽ കൈക്കൊള്ളുക എന്നതാണ് യഥാർത്ഥ ക്രിസ്തുമസ്സിന്റെ സന്ദേശം.

യേശുവിനെ ഹൃദയത്തിൽ തുടരുവാൻ അനുവദിക്കുക എന്നതാണ് ക്രിസ്തുമസ്സിന്റെ സമർപ്പണം. മാറിയ ജന്മം നൽകിയ ആ കുഞ്ഞ് ആരാണെന്ന് സത്രക്കാരൻ അറിഞ്ഞില്ല. അറിഞ്ഞു എങ്കിൽ അവൈടെയുണ്ടായിരുന്ന എല്ലാവരെയും പുറത്താക്കി ആ കുഞ്ഞിനെ താൻ സ്വീകരിച്ചേനെ. യേശു തന്റെയും കൂടെ പാപങ്ങൾക്കായാണ് ഈ ഭൂമിയിൽ വന്നതെന്ന് അയാൾ അറിഞ്ഞില്ല.

യേശുവിനെ നാം അറിയണം. യേശു നമുക്ക് നൽകുന്ന നിത്യജീവന്റെ വില നാം അറിയണം. യേശുവിന്റെ മഹത്വം നാം അറിയണം. യേശുവിന്റെ ശക്തിയും വലിപ്പവും സ്നേഹവും നാം തിരിച്ചറിയണം. അതുതിരിച്ചറിഞ്ഞാൽ യേശുവിനായി നാം തിരക്കുള്ളവരാകും. യേശുവോട് ചേർന്ന് നാം കാര്യങ്ങൾ ചെയ്തുതുടങ്ങും. അറിവില്ലാതെ അർത്ഥമില്ലാത്ത കാര്യങ്ങളിൽ നാം തിരക്കുകൂട്ടരുത്. നിത്യമായതിൽ നാം സമയം നിക്ഷേപിക്കണം. സത്രക്കാരന് ആദ്യത്തെ ക്രിസ്തുമസ് നഷ്ടമായത് തിരക്കുമൂലമാണ്.

പരീശന്മാർക്ക് യേശുവിനെ നഷ്ടമായത് മതത്തിന്റെ ചങ്ങലകളിൽ ബന്ധിതർ ആയതിനാലാണ്.ഹെരോദാരാജാവിനു യേശുവിനെ ലഭ്യമാകാതിരുന്നത് അസ്സൂയ ഉണ്ടായിരുന്നതിനാലാണ്. എന്നാൽ പുൽത്തൊട്ടിലിൽ കിടന്ന യേശുവിന്റെ വരവ് ആദ്യമറിഞ്ഞത് സമൂഹം ഒട്ടും വിലനൽകാതെ വെളിയിൽ നിർത്തിയിരുന്ന ആട്ടിടയന്മാർക്കാണ്. അവരാണ് ഭൂമിയിലെ ദൈവപ്രസാദമുള്ള മനുഷ്യരായി തീർന്നത്.



ബ്ലസ്സൻ ചെറിയാൻ കാനഡ

## ക്രിസ്തുവിന്റെ വാഗ്ദത്തമാണ് ബൈബിൾ

**ജീ**വിതത്തിൽ പ്രതിസന്ധികളും മാനസിക സമ്മർദ്ധങ്ങളും ഉയരുമ്പോൾ അതിൽ നിന്നും മോചനം നേടുന്നതിനും സ്വാന്തനം ലഭിക്കുന്നതിനും ബൈബിൾ നമ്മെ സഹായിക്കുന്നു. സ്നേഹം, ത്യാഗം, സഹനം, കരുണ എന്നിവയിൽ അധിഷ്ഠിതവും ക്രിസ്തുകേന്ദ്രീകൃതമായ ജീവിതശൈലി രൂപപ്പെടുത്തുവാനും വഴിയൊരുക്കുന്നു. താഴ്മയിലൂടെയും അനുസരണത്തിലൂടെയും മാത്രമെ ലോകത്തെയും പാപത്തെയും നയിക്കുന്ന പിശാചിന്റെ മേൽ വിജയം കൈവരിക്കാൻ കഴിയുകുയുള്ളുവെന്നും ബൈബിൾ പഠിപ്പിക്കുന്നു.ബൈബിളിലെ പല വ്യക്തികളും നമ്മുടെ ജീവിതത്തിൽ വളരെയധികം സ്വാധിനം ചെലുത്തുന്നവരാണ്. യഹോവ എനിക്ക് വേണ്ടി കരുതുമെന്ന് പറഞ്ഞ അബ്രഹാമും എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിട്ടയക്കില്ലെന്ന് പറഞ്ഞ യാക്കോബും യഹോവയെ അനുസരിച്ച ശമുവേൽ ബാലനും യഹോവ എന്റെ ഇടയൻ എന്ന് പാടിയ ദാവിദും അവരുടെ ജീവിത ശൈലികളും ദൈവത്തോടുള്ള ആത്മാർത്ഥ സ്നേഹവും ബൈബിൾ നമുക്ക് മനസിലാക്കി തരുന്നു. ലോകത്തിൽ അനേകം നേതാക്കന്മാർ ജീവിച്ച് മരിച്ചെങ്കിലും മരണത്തിൽ നിന്നുയർത്ത് നമുക്ക് വാസയോഗ്യമായ പാർപ്പിടം ഒരുക്കി വീണ്ടും വരുമെന്ന ക്രിസ്തുവിന്റെ വാഗ്ദത്തം ബൈബിളിനെ വ്യത്യസ്തമാക്കുന്നു.




ഷാജി തോമസ്, സെക്രട്ടറി,കേരള കൗൺസിൽ ഓഫ് ചർച്ചസ്

ക്രിസ്ത്യൻ ലൈവ് യുഎഇ എഴുത്തു മത്സരം

വിഷയം: എന്തുകൊണ്ട് ബൈബിൾ എന്നെ ആകർഷിക്കുന്നു?

AL QTR TOURISM
Quality Tourism Resources

പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

Christian Live (Malayalam) Advertisement Tariff

**Full Page**
Front – 5000 INR
Back – 4000 INR
Inside- 3000 INR

**Quarter Page**
Front - 1250 INR
Back - 1000 INR
Inside- 750 INR

**Half Page**
Front - 2500 INR
Back- 2000 INR
Inside -1500 INR

**Half of Quarter Page**
Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

# ക്രൈസ്തവ അരമനകൾ കയറിയിറങ്ങി ബിജെപിയുടെ സ്നേഹ സന്ദേശ യാത്ര



കൊച്ചി: ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ സീറോ മലബാർ സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസ് സന്ദർശിച്ചു. മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക് ക്രിസ്മസ് സന്ദേശം കൈമാറാനാണ് സന്ദർശനം. ക്രിസ്മസിനോടനുബന്ധിച്ച് ബി.ജെ.പിയുടെ 'സ്നേഹയാത്ര' എന്ന പേരിൽ കേരളത്തിൽ നടത്തുന്ന പരിപാടിക്ക് തുടക്കം കുറിച്ചാണ് സുരേന്ദ്രൻ ആലഞ്ചേരിയെ സന്ദർശിക്കുന്നത്. ബി.ജെ.പി നേതാവ് ഡോ. കെ.എസ്. രാധാകൃഷ്ണനും ഒപ്പമുണ്ട്. കൂടിക്കാഴ്ച റിപ്പോർട്ട് ചെയ്യാൻ മാധ്യമങ്ങൾക്ക് പ്രവേശനം നൽകിയിട്ടില്ല. കാക്കനാട് മൗണ്ട് സെന്റ് തോമസിലെ സന്ദർശനത്തിന് ശേഷം സുരേന്ദ്രനും സംഘവും വരാപ്പുഴ അതിരൂപതയിലും പോകുമെന്നറിയുന്നു. ഇന്നു മുതൽ ഡിസംബർ 31 വരെയാണ് 'സ്നേഹയാത്ര'. ക്രൈസ്തവ ഭവനങ്ങളും അരമനകളും ഇക്കാലയളവിൽ സന്ദർശിക്കും. ക്രൈസ്തവരുടെ വിശ്വാസം ആർജിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പത്തുദിവസം നീളുന്ന സ്നേഹയാത്ര. ഈസ്റ്റർദിന സ്നേഹയാത്രകളെക്കാൾ വിപുലമായ തോതിലാകും ക്രിസ്മസ് സ്നേഹയാത്ര. ക്രൈസ്തവ സമൂഹത്തെ ഒപ്പംകൂട്ടാനുള്ള ദേശീയ നേതൃത്വത്തിന്റെ നിർദ്ദേശമനുസരിച്ചായിരുന്നു ഈസ്റ്റർദിന സന്ദർശനം.

# ഹാഗിയോസ് മിനിസ്ട്രിയുടെ പുതുവത്സര സമ്മേളനം

കുണ്ടറ :ഹാഗിയോസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജനുവരി 1നു വൈകിട്ട് 5:30 നു വൈ.എം.സി.എ അങ്കണത്തിൽ സംഗീത ശുശ്രൂഷയും പാവനാടകവും പുതുവത്സര സന്ദേശവും നടക്കും. ഹാഗിയോസ് മിനിസ്ട്രിയുടെ സംഗീത വിഭാഗമായ ഹാഗിയോസ് ബീറ്റ്സിലെ കലാകാരന്മാരാണ് നേതൃത്വം നല്കുന്നത്. ഹാഗിയോസ് മിനിസ്ട്രിയുടെ രണ്ടായിരത്തി ഇരുപത്തിനാലിലെ പ്രവർത്തനോത്ഘാടനവും സമ്മേളനത്തോടൊപ്പം നടക്കും.




# അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് വിമൺസ് മിഷണറി കൗൺസിൽ വാർഷിക സമ്മേളനം

പുനലൂർ :അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് വിമൺസ് മിഷണറി കൗൺസിൽ വാർഷിക സമ്മേളനം ഡിസംബർ 26,27 (ചൊവ്വ, ബുധൻ) തീയതികളിൽ പുനലൂർ ബഥേൽ ബൈബിൾ കോളേജിൽ നടക്കും. 'നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക' എന്നതാണ് സമ്മേളനത്തിന്റെ ചിന്താവിഷയം. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. ടിജെ സാമുവേൽ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ സിസ്റ്റർ റീജ ബിജു കൊട്ടാരക്കര മുഖ്യ പ്രഭാഷണം നടത്തും. മലയാളം ഡിസ്ട്രിക്ട് സെക്രട്ടറി റവ.തോമസ് ഫിലിപ്പ്, ഡബ്ല്യൂ എം സി എക്സിക്യൂട്ടീവ് അംഗങ്ങളായ സഹോദരിമാരായ അനിതാ സിനോദേവ്, ലൂസി ബാബു എന്നിവരും സമ്മേളനത്തിൽ വിവിധ സെഷനുകളിൽ പ്രഭാഷകരായിരിക്കും. ഡബ്ലിയു എം സി ക്വയറിനോടൊപ്പം പാസ്റ്റർ.ബിനോയ് എബ്രഹാം, പന്തളം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. വേദപഠന ക്ലാസുകൾ, പൊതുയോഗങ്ങൾ, ആരാധന, ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രോഗ്രാമുകൾ സമ്മേളനത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

# ഐപിസി രംഗനഹള്ളി സഭ 38 –ാമത് വാർഷിക കൺവൻഷൻ

ചിക്കമംഗളൂരു : ചിക്കമംഗളൂരു സെന്റർ രംഗനഹള്ളി സഭയുടെ 38-ാമത് വാർഷിക കൺവൻഷൻ ഡിസംബർ 23, 24 തിയതികളിൽ എബനേസർ ഐപിസി ചർച്ച് ഹാളിൽ നടക്കും. പാസ്റ്റർ സാം മാത്യുയുടെ അധ്യക്ഷതയിൽ സെന്റർ ശുശ്രൂഷകൻ ഡോ.എബ്രഹാം മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർ എബി എബ്രഹാം പത്തനാപുരം മുഖ്യ പ്രസംഗകനായിരിക്കും. പാസ്റ്റർ മഞ്ജുഷിന്റെ നേതൃത്വത്തിൽ സെറാഫി ബീറ്റ്സ് ബെംഗളൂരു ഗാനശുശ്രൂഷ നിർവഹിക്കും, ഞായറാഴ്ച രാവിലെ സഭായോഗത്തോടെ യോഗം സമാപിക്കും.

23 ന് രാവിലെ 10 മുതൽ 1വരെ ബൈബിൾ ക്ലാസ് ഉച്ചയ്ക്ക് രണ്ടു മുതൽ നാലു വരെ സൺഡേസ്കൂൾ, പിവൈപിഎ, സോദരി സമാജം എന്നിവയുടെ വാർഷികവും നടക്കും. പാസ്റ്റർ സാം മാത്യു, എ.പി. പൈലി എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി നേതൃത്വം നൽകും.

# കർണാടകയിൽ ക്രിസ്മസ്, പുതുവത്സര ആഘോഷങ്ങൾക്ക് നിയന്ത്രണമില്ല: മുഖ്യമന്ത്രി സിദ്ധരാമയ്യ

ബെംഗളൂരു: സംസ്ഥാനത്ത് ക്രിസ്മസ്, പുതുവത്സര ആഘോഷ യാതൊരു തരത്തിലുള്ള നിയന്ത്രണവുമില്ലെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ.കൂടാതെ കൊവിഡ് രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കോവിഡിനെക്കുറിച്ച് ആശങ്കപ്പെടേണ്ടതില്ല എന്നും പൊതുയോഗങ്ങളിൽ മാസ്ക് ധരിക്കാൻ സർക്കാർ നിർദേശിക്കുമെന്നും അദ്ദേഹം അറിയിച്ചു. വ്യാഴാഴ്ച മുഖ്യമന്ത്രിയുടെ ആഭ്യന്തര ഓഫീസ് കൃഷ്ണയിൽ മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, സാങ്കേതിക ഉപദേശക സമിതി അംഗങ്ങൾ എന്നിവരുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം നടത്തിയ വാർത്താസമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

## ജിബൂട്ടി



തലസ്ഥാനം:
ജിബുട്ടി
ഭാഷ:
ഫ്രഞ്ച്, അറബി
ജനസംഖ്യ:
1,136,455
പ്രസിഡണ്ട്:
ഇസ്മായേൽ ഒമാർ ഗുള്ള
മതം :
ഇസ്ലാം

**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- അറബികൾക്കിടയിൽ പ്രവർത്തിക്കുന്ന ക്രിസ്തീയ സുവിശേഷകർക്കായി പ്രാർത്ഥിക്കുക.
- ജിബൂട്ടിയിലെ നാടോടികളായ ഗോത്ര വിഭാഗമാണ് അഫാർ. ഇവർക്കിടയിൽ സുവിശേഷം ഇനിയും എത്തിയിട്ടില്ല. പ്രാർത്ഥിക്കുമോ?
- വളരെയധികം കഷ്ടതയേറിയ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറിമാരുണ്ട്. ഇവർ തളർന്നു പോകാതെ ശുശ്രൂഷയിൽ തുടരാനായി പ്രാർത്ഥിക്കുക

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**

Contact us: +91 98465 52220,
+91 99619 33322

**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

**ആവശ്യമുണ്ട്**

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

# ഐ.പി.സി.ഹോസ്ദുർഗ് സെന്റർ ഇനി മുതൽ കാസർഗോഡ് നോർത്ത്

കാസർഗോഡ്:ഐ.പി.സി. ഹോസ്ദുർഗ് സെന്റർ എന്ന പേര് മാറ്റി ഐ.പി.സി.കാസർഗോഡ് നോർത്ത് സെന്റർ എന്ന് ആക്കിയിരിക്കുന്നു.
കേരളത്തിൽ കാസർഗോഡ് ജില്ലയുടെ ഏറ്റവും വടക്ക് ഭാഗത്തു കർണാടകയോട് ചേർന്നു കിടക്കുന്ന ഐ.പി.സി യ്ക്കുള്ള ഒരു സെന്റർ ആണ് ഹോസ്ദുർഗ്. എന്നാൽ കഴിഞ്ഞ ഓഗസ്റ്റിൽ കൂടിയ കേരള സ്റ്റേറ്റ് കൗൺസിലിലാണ് ഹോസ്ദുർഗ് എന്ന് മാറ്റി ഐപിസ് കാസർഗോഡ് നോർത്ത് സെന്റർ എന്നാക്കിയത്.

# വടക്കൻ ഗസയിൽ പ്രവർത്തനക്ഷമമായ ഒരു ആശുപത്രി പോലും അവശേഷിക്കുന്നില്ല: ലോകാരോഗ്യ സംഘടന



വാഷിങ്ടൺ: യിസ്രായേൽ സൈന്യത്തിന്റെ ആക്രമണത്തിൽ വടക്കൻ ഗസയിൽ പ്രവർത്തനക്ഷമമായ ഒരു ആശുപത്രി പോലും അവശേഷിക്കുന്നില്ലെന്ന് ലോകാരോഗ്യ സംഘടന. ഇന്ധനത്തിന്റെയും ജീവനക്കാരുടെയും അവശ്യ വസ്തുക്കളുടെയും അഭാവം മൂലം ആശുപത്രികൾ പ്രവർത്തനക്ഷമമല്ലാതായി മാറിയെന്നാണ് ഡബ്ല്യു.എച്ച്.ഒ പറയുന്നത്.

യിസ്രായേൽ ഫലസ്തീനിലെ മെഡിക്കൽ സൗകര്യങ്ങളെ മനഃപൂർവം ലക്ഷ്യം വെക്കുന്നതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അധിനിവേശ ഗസയിലെ അൽ ഷിഫ, അൽ അഹ്ലി എന്നീ രണ്ട് ആശുപത്രികളിൽ യിസ്രായേൽ സൈന്യം ക്രൂരമായ അതിക്രമങ്ങൾക്ക് നേതൃത്വം നൽകിയതായി ലോകാരോഗ്യ സംഘടന മാധ്യമങ്ങളോട് പറഞ്ഞു. ഫലസ്തീനിലെ യിസ്രായേൽ ആക്രമണത്തിൽ ഉറ്റവരാൽ ഉപേക്ഷിക്കപ്പെട്ട രോഗികൾ ഭക്ഷണത്തിനും വെള്ളത്തിനും വേണ്ടി യാചിക്കുന്ന അസഹനീയമായ ദൃശ്യങ്ങൾ ലോകാരോഗ്യ സംഘടന പുറത്തിവിട്ടിരുന്നു. ഗസയിലെ രോഗികളും ആരോഗ്യ പ്രവർത്തകരും അഭിമുഖീകരിക്കുന്ന ക്രൂരമായ അവസ്ഥകൾ വിവരിക്കാൻ തങ്ങൾക്ക് കഴിയുന്നില്ലെന്ന് ഫലസ്തീനിലെ ലോകാരോഗ്യ സംഘടനയുടെ പ്രതിനിധി റിച്ചാർഡ് പീപ്പർകോൺ പറഞ്ഞു. ഇന്ധനം, വൈദ്യുതി, മെഡിക്കൽ സപ്ലൈസ്, സർജന്മാരും മറ്റു ആരോഗ്യ വിദഗ്ധരും ഉൾപ്പെടെയുള്ള പ്രവർത്തകരുടെ അഭാവം മൂലം നിലവിൽ പ്രവർത്തനക്ഷമമായ അഹ്ലി അറബ് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററുകൾ ഇനി പ്രവർത്തിക്കില്ലെന്ന് റിച്ചാർഡ് പീപ്പർകോൺ പറഞ്ഞു. വടക്കൻ ഗസയിൽ പരിക്കേറ്റ ഫലസ്തീനികൾക്ക് ശസ്ത്രക്രിയ നടത്താൻ കഴിയുന്ന ഒരേയൊരു ആശുപത്രിയായിരുന്നു അഹ്ലി അറബ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നിലവിൽ ഗസയിലെ 36 ആരോഗ്യ കേന്ദ്രങ്ങളിൽ ഒമ്പത് ആശുപത്രികൾ മാത്രമാണ് നഗരത്തിൽ ഭാഗികമായി പ്രവർത്തിക്കുന്നതെന്ന് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഈ മെഡിക്കൽ സൗകര്യങ്ങളെല്ലാം ഗസയുടെ തെക്കൻ ഭാഗത്ത് മാത്രമായാണ്കേന്ദ്രീകരിച്ചിരിക്കുന്നതെന്നും ഡബ്ല്യു.എച്ച്.ഒ ചൂണ്ടിക്കാട്ടി.

# നിക്കരാഗ്വേയിൽ മറ്റൊരു മെത്രാനെ കൂടി അറസ്റ്റ് ചെയ്തു

**മതഗൽപയിലെ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ നടന്ന പ്രാർത്ഥനയ്ക്കിടെ നടത്തിയ പ്രസംഗത്തിന് പിന്നാലെ പോലീസ് ബിഷപ്പിനെ അകാരണമായി അറസ്റ്റ് ചെയ്യുകയായിരിന്നു.**



മനാഗ്വേ: നിക്കരാഗ്വേയിൽ ക്രൈസ്തവർക്ക് എതിരെയുള്ള പീഡനങ്ങളിൽ പിടിമുറുക്കി ഭരണകൂടം. രാജ്യത്ത് വീണ്ടും സിയുനയിലെ ഇസിഡോറോ ഡെൽ കാർമെൻ മോറ ബിഷപ്പിനെ അറസ്റ്റ് ചെയ്തു. പ്രസിഡന്റ് ഡാനിയൽ ഒർട്ടേഗയുടെയും ഭാര്യ വൈസ് പ്രസിഡന്റ് റൊസാരിയോ മുറില്ലോയുടെയും നേതൃത്വത്തിലുള്ള സ്വേച്ഛാധിപത്യ ഭരണകൂടം അറസ്റ്റ് ചെയ്ത രണ്ടാമത്തെ കത്തോലിക്ക മെത്രാനാണ് ബിഷപ്പ് ഇസിഡോറോ. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ വീട്ടുതടങ്കലിലാക്കുകയും അന്യായമായി 26 വർഷവും നാല് മാസവും തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്ത ബിഷപ്പ് റൊളാൻഡോ അൽവാരെസിന് വേണ്ടി വിശുദ്ധ ആരാധന നടത്തിയതിന് തൊട്ടുപിന്നാലെയാണ് അറുപത്തിമൂന്നു വയസ്സുള്ള ബിഷപ്പ് ഇസിഡോറോയുടെ അറസ്റ്റ്.

മതഗൽപയിലെ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ നടന്ന പ്രാർത്ഥനയ്ക്കിടെ നടത്തിയ പ്രസംഗത്തിന് പിന്നാലെ പോലീസ് ബിഷപ്പിനെ അകാരണമായി അറസ്റ്റ് ചെയ്യുകയായിരിന്നു. മാതഗൽപയിൽ ജനിച്ച അദ്ദേഹം 2003 സെപ്തംബർ 20 നാണ് അഭിഷിക്തനായത്. 2021 ഏപ്രിൽ 8ന് സിയൂനയിലെ ബിഷപ്പായി ഫ്രാൻസിസ് മാർപാപ്പ നിയമിക്കുന്നതിനുമുമ്പ്, മതഗൽപ്പ രൂപതയുടെ വികാരി ജനറലായും അദ്ദേഹം സേവനം അനുഷ്ഠിച്ചിരിന്നു.

നേരത്തെ ജനാധിപത്യ വിരുദ്ധമായ ഒർട്ടേഗയുടെ നിലപാടുകൾക്കെതിരേ സംസാരിച്ചതാണ്, അൻപത്തിയാറുകാരനായ ബിഷപ്പ് അൽവാരെസിനെ ഭരണകൂടത്തിന് മുന്നിലെ കരടാക്കി മാറ്റിയത്. 2022 ഫെബ്രുവരി 10ന് നാല് വൈദികർ ഉൾപ്പെടെ 222 രാഷ്ട്രീയ വിമതരെ യുഎസിലേക്ക് കൊണ്ടുപോകുന്ന വിമാനത്തിൽ കയറാൻ വിസമ്മതിച്ചതിനെ തുടർന്ന് ബിഷപ്പിനെ കാൽ നൂറ്റാണ്ട് തടവുശിക്ഷ വിധിക്കുകയായിരിന്നു. ഒർട്ടേഗയുടെയും ഭാര്യയും വൈസ് പ്രസിഡന്റുമായ റൊസാരിയോ മുറില്ലോയുടെ സ്വേച്ഛാധിപത്യത്തിൻ കീഴിൽ, വൈദികരും സന്യസ്തരും വിശ്വാസികളും ഉൾപ്പെടെ നൂറുകണക്കിന് ആളുകളെ ഏകപക്ഷീയമായി അറസ്റ്റ് ചെയ്യുകയും നാടുകടത്തുകയും കത്തോലിക്ക സഭയുടെ സ്വത്തുവകകൾ പിടിച്ചെടുക്കുകയും ക്രിസ്തീയ സ്ഥാപനങ്ങൾക്ക് വിലക്കേർപ്പെടുത്തുകയും ചെയ്തിരിന്നു.

# യിസ്രായേൽ പലസ്തീൻ പ്രശ്നങ്ങൾ അടിയന്തരമായി പരിഗണിക്കണം : കർദ്ദിനാൾ പരോളിൻ



യിസ്രായേലിലും പലസ്തീനിലുമുള്ള അവസ്ഥയിൽ ആശങ്ക ആവർത്തിച്ച് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പീയെത്രൊ പരോളിൻ. അറബ് രാഷ്ട്രങ്ങളുടെ പ്രതിനിധി എനാസ് മൊഹമെദ് അലി മെക്കാവ്വിയും അവരുടെ സംഘത്തിലുണ്ടായിരുന്ന പലസ്തീൻ, ലെബനോൻ, ഇറാഖ്, ഈജിപ്ത് എന്നീ നാടുകളുടെ സ്ഥാനപതികളുമായി വത്തിക്കാനിൽ കൂടികാഴ്ച നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.

വെടിനിറുത്തലിനും ഗാസയിൽ മാനവികസഹായം എത്തിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുന്നതിനും ഫ്രാൻസീസ് പാപ്പാ നടത്തിയ അഭ്യർത്ഥനകൾ കർദ്ദിനാൾ പരോളിൻ തദ്ദവസരത്തിൽ അനുസ്മരിച്ചു. ഇസ്രായേലിൻറെയും പലസ്തീൻറെയും പ്രശ്നങ്ങളുടെ സമ്പൂർണ്ണ പരിഹൃതിയും ജറുസലേമിന് അന്താരാഷ്ട്ര ഉറപ്പോടു കൂടിയ പ്രത്യേക പദവിയും ആ പ്രദേശത്ത് സ്ഥായിയായ സമാധാനം ഉണ്ടാകുന്നതിന് അടിയന്തിരാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

# ജോർദ്ദാനിലെ സൈനികർക്കൊപ്പം ക്രിസ്തുമസ് ആഘോഷിച്ച് ഫ്രഞ്ച് പ്രസിഡന്റ്

ജോർദാൻ: സൈനീകരുടെ ത്യാഗങ്ങൾക്കുള്ള അംഗീകാരത്തിന്റെ പ്രകടനമെന്ന നിലയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ ജോർദ്ദാനിൽ തമ്പടിച്ചിരിക്കുന്ന ഫ്രഞ്ച് സൈനികർക്കൊപ്പം ക്രിസ്തുമസ് ആഘോഷിച്ചു. തങ്ങളുടെ സൈനീകരുടെ പ്രത്യേകിച്ച് വിദേശങ്ങളിൽ സേവനം ചെയ്യുന്നവരുടെ ക്ഷേമത്തോടുള്ള ഫ്രഞ്ച് സർക്കാരിന്റെ പ്രതിബദ്ധത എടുത്ത് കാട്ടുന്നതിന് വേണ്ടിയാണ് മാക്രോൺ ജോർദ്ദാനിലെ ഫ്രഞ്ച് സൈനീകരെ സന്ദർശിച്ചത്. കൂടാതെ തീവ്രവാദം അവസാനിപ്പിക്കുന്നതിനുള്ള ഫ്രാൻസിന്റെ പ്രതിജ്ഞാബദ്ധതയെ എടുത്തുകാട്ടുന്നത് കൂടിയായിരുന്നു മാക്രോണിന്റെ സന്ദർശനം.

ഇസ്ലാമിക് സ്റ്റേറ്റ് ഉൾപ്പെടെയുള്ള ഇസ്ലാമിക തീവ്രവാദികളുടെ വ്യാപനം തടയുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ട ഓപ്പറേഷൻ ചാമ്മൽ എന്ന അന്താരാഷ്ട്ര സൈനീക സഖ്യത്തിന്റെ ഭാഗമായി ജോർദ്ദാനിൽ കഴിയുന്ന മുന്നൂറ്റിഅൻപതോളം ഫ്രഞ്ച് സൈനികർക്കൊപ്പം മാക്രോൺ ക്രിസ്തുമസ് ആഘോഷവുമായി ബന്ധപ്പെട്ട് സമയം ചെലവിടുകയായിരിന്നു.

ഇറാഖിലും, സിറിയയിലും അവശേഷിച്ചിട്ടുള്ള ഇസ്ലാമിക് സ്റ്റേറ്റ് ഭീകർക്കെതിരെ പോരാടിക്കൊണ്ടിരിക്കുന്ന അന്താരാഷ്ട്ര സൈനീകസഖ്യമായ ഓപ്പറേഷൻ ചാമ്മലിലെ ഫ്രഞ്ച് സൈന്യത്തിന്റെ പങ്കാളിത്തം അന്താരാഷ്ട്ര സുരക്ഷാ പ്രവർത്തനങ്ങളിൽ ഫ്രാൻസിന്റെ പങ്ക് അടിവരയിടുന്നതാണ്. രാവിലെ മാക്രോൺ ജോർദ്ദാൻ ഭരണാധികാരി കിംഗ് അബ്ദുള്ള രണ്ടാമനുമായി കൂടിക്കാഴ്ച നടത്തുകയും, ഗാസ മുനമ്പിലെ സാധാരണക്കാർക്ക് മാനുഷികവൈദ്യ സഹായങ്ങൾ എത്തിക്കുവാൻ നടത്തേണ്ട സംയുക്ത ശ്രമങ്ങളെക്കുറിച്ച് ചർച്ചയും നടത്തിയിരിന്നു.


"for there is the sound of abundance of rain."
1 Kings 18:41
GILGAL
CHURCHOF GOD
SHARJAH
CONFERENCE
10:30AM - 01:30PM
CONVENTION
07:30PM - 10:00PM
Message
REV. DR. M.A VARGHESE
DEC
28
THU
SPIRITUAL
RAIN 2023
SHARJAH WORSHIP CENTER
MAIN HALL
For more details:
Rev. Dr. K.O Mathew: +971 50 646 3177

CNL 7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 321
22 Friday Pages 6
692


# BROSCO PHARMACY

Your health, right away.
BROSCO PHARMACY

നിങ്ങൾ ആശങ്കയിലാണോ...?
നാട്ടിലെ കാര്യം ഓർത്തിട്ടാണോ...?
ഞങ്ങളുണ്ടേന്നേ ഒരു വിളിപ്പാടകലെ..!!

SPECIAL DISCOUNT

| | |
|---|---|
| Medicines (13% - 40%) | Baby Food (4% - 6%) |
| Adult Diaper (53%) | Ortho Supports (15% - 20%) |
| Underpads (64%) | Baby Care (8% - 10%) |
| Pullups (48%) | Insulin (18% - 45%) |



നിങ്ങളുടെ പ്രീയപ്പെട്ടവർക്ക് വേണ്ടുന്ന എല്ലാ മെഡിസിനും
മറ്റനുബന്ധ സാധനങ്ങളും
ഉത്തരവാദിത്വത്തോടെ നിങ്ങളുടെ വീടുകളിൽ
എത്തിക്കും ബ്രോസ്കോ ഫാർമസി.
വിശ്വാസ്യതയുടെ പര്യായം



HOME CARE PRODUCTS AVAILABLE
- Feminine Hygiene Items
- Oxygen Concentrator
- Nutrition Supplements
- Orthopaedic Items
- Cosmetic Items
- Baby Food
- Baby Care Items
- Veterinary Medicine
- Ayurveda Medicines
- Wheel Chairs & Walkers

FREE HOME DELIVERY
Within 5km Radius
ORDER NOW

CAL US : +91-6238062257

**PATHANAMTHITTA**
Maniyatt Building,
Near St. Peters Junction,
Pathanamthitta , Kerala
Call : +91- 7025588926

**VADASSERIKKARA**
Maniyatt Plaza,
Mannarakulanji Pamba Road,
Vadasserikkara , Kerala
Call : +91- 8590634011

**KUMBANAD**
Ikkara Peneal,
Near Quality Super Bazar
Kumbanad , Kerala
Call : +91- 7012761613

**RANNI**
Pearl Square Building,
Thottamon, Near SBI Bank,
Blockpadi Junction, Ranni
Call : +91- 8590628255